JANMABHUMI-12-JUN-2010

# സദ്ഗുരു ശ്രീബ്രഹ്മാ

സഹസ്രാരചക്രം ചലിപ്പിക്കപ്പെട്ട അവസ്ഥയിൽ ഉള്ള ഒരാൾ പരമാനന്ദനിലയിലായിരിക്കും. ഇത്തരത്തിലുള്ളവരെ അവധൂതർ എന്നുവിളിക്കുന്നു. രാമകൃഷ്ണപരമഹംസനും ഒരു അവധൂതനാണ്.

ആജ്ഞാചക്രത്തെ സ്പർശിച്ച രാമകൃഷ്ണൻ ആ അതിർത്തിയ്ക്കപ്പുറം പോകാനാഗ്രഹിച്ചില്ല. കാളീ ഉപാസകനായ രാമകൃഷ്ണൻ കൂടെക്കൂടെ ചില സമാധിനിലകളിൽ ഇരിക്കുമായിരുന്നു. അപ്പോഴൊക്കെ കാളീദേവിയോട് സംവാദിക്കുന്നതായിട്ടും ദേവിക്ക് ഭക്ഷണം നല്കുന്നതായും അദ്ദേഹത്തിന് തോന്നുമായിരുന്നു. ആ അവസ്ഥയിൽനിന്ന് പുറത്തുകടക്കുമ്പോൾ അദ്ദേഹം കൊച്ചുകുട്ടിയെപ്പോലെ തേങ്ങിക്കരയുമായിരുന്നു. കാരണം ആഗ്രഹിക്കുന്ന നേരത്ത് സമാധിയാകാനും സമാധിയിൽനിന്ന് പുറത്തുവരാനും അദ്ദേഹത്തിന് സാധിച്ചിരുന്നില്ല.

ഒരിക്കൽ തോത്താപുരി എന്ന ജ്ഞാനി രാമകൃഷ്ണനെ സന്ദർശിച്ചു. അരികിലുണ്ടായിരുന്ന ഒരു കണ്ണാടിച്ചില്ലെടുത്ത് അദ്ദേഹത്തിന്റെ പുരികമദ്ധ്യേയുള്ള ആജ്ഞാചക്രത്തിൽ ശക്തിയായി സ്പർശിച്ചു. അതോടുകൂടി രാമകൃഷ്ണൻ പരമഹംസനായി.



ചക്രങ്ങളെ പ്രവർത്തനക്ഷമമാക്കുക എന്നത് മഹർഷിമാർക്ക് മാത്രം സാധിക്കുന്ന ഒരു കാര്യമാണ്. പഴനിസ്വാമി ഒരു വടികൊണ്ട് ആജ്ഞാചക്രത്തെ സ്പർശിച്ചപ്പോൾ ശിവയോഗി പരമാനന്ദാവസ്ഥയിലേക്ക് നീങ്ങിയതും ധ്യാനലിംഗനിർമാണത്തിനുള്ള അടിത്തറ പാകിയതും ഈ സമയത്താണ്.

യോഗ്യതയുള്ള ഒരാളിന്റെ പക്കൽ ധ്യാനലിംഗനിർമാണ പ്രവർത്തനം ഏൽപ്പിച്ച ആശ്വാസത്തിൽ അദ്ദേഹം വെള്ളിയിങ്കിരിമലയിൽ മഹാസമാധിയായി.

ഗുരു ഏൽപ്പിച്ച ധ്യാനലിംഗനിർമാണം നടത്താൻ ശിവയോഗിക്ക് സാധിച്ചില്ല. ശിവയോഗിയുടെ ശരീരത്തെ ഉപേക്ഷിച്ച് ജീവൻ പറന്നകന്നു.

തമിഴ്നാട്ടിൽ പ്രസിദ്ധനായ ദിഗംബര സന്ന്യാസിയായിരുന്നു ചക്രേശ്വരൻ(നൂറ്റിപ്പതിനാല് ചക്രങ്ങളിലും മേധാവിത്വമുള്ള ആൾ). അദ്ദേഹത്തെ ആണ് 'ശ്രീ ബ്രഹ്മ' എന്നു വിളിക്കുന്നത്. അദ്ദേഹം ജ്വലിക്കുന്ന അഗ്നിപർവതംപോലെയായിരുന്നു. അദ്ദേഹത്തിന്റെ പുരികമദ്ധ്യം അഗ്നിപോലെ ചൂടുള്ളതായിരുന്നു. കഴിഞ്ഞ ജന്മത്തിൽ ഗുരുവിന്റെ ആജ്ഞ നിറവേറ്റാൻ സാധിക്കാത്തത് നെഞ്ചകത്തിൽ ശക്തിയായി പതിഞ്ഞു കിടന്നതു കാരണം ഈ ജന്മത്തിലെങ്കിലും അത് നിറവേറണമെന്ന് ബ്രഹ്മ ആഗ്രഹിച്ചു. കോയമ്പത്തൂരിൽ ആണ് അദ്ദേഹം തന്റെ പ്രവർത്തനത്തിന് തുടക്കമിട്ടത്. ധ്യാനലിംഗം എന്നത് ദൈവത്തിന്റെ ഉന്നതമായ വെളിപാടായതുകൊണ്ട് ജീവിതത്തിന്റെ എല്ലാ സ്വഭാവങ്ങളും ഉൾക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളും പുരുഷന്മാരും തീവ്രമായ ആത്മസാധനയിൽ ഏർപ്പെടേണ്ടതായിവന്നു. ഇതുമൂലം സമൂഹത്തിന്റെ കഠിനമായ എതിർപ്പ് നേരിടേണ്ടിവന്നു. ഈ അവസരത്തിൽ ശ്രീ ബ്രഹ്മ കോയമ്പത്തൂർവിടാൻ നിർബന്ധിതനായി. ശ്രീ ബ്രഹ്മാവിന്റെ ഉൾമനസ്സ് നിർമലവും നിഷ്കളങ്കവുമായിരുന്നു. അതുകൊണ്ട് ബാഹ്യാന്തരീക്ഷം അദ്ദേഹത്തിന് ഒരു പ്രശ്നമല്ലായിരുന്നു. അദ്ദേഹം എന്തു തീരുമാനിച്ചുവോ അത് ചെയ്തു. തടസ്സങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തനക്ഷമത കൂടുതൽ കാര്യക്ഷമമാക്കി. ഒരിക്കൽ നീലഗിരിയിൽ റെയിൽവേസ്റ്റേഷനടുത്തുള്ള തീവണ്ടിപ്പാത ആരും മറികടക്കരുത് എന്ന ആജ്ഞയെ അദ്ദേഹം ലംഘിച്ചു. നിയമലംഘനം നടത്തിയതുകാരണം സൈന്യം അദ്ദേഹത്തെ തുറുങ്കിലടച്ചു. ജയിൽ അഴികളിലൂടെ അദ്ദേഹം പുറത്തേക്കിറങ്ങി. ആജ്ഞാലംഘനംനടത്തിയ അദ്ദേഹത്തെ സൈന്യം പിന്തുടർന്നു. ഈഅവസരത്തിൽ അദ്ദേഹം ഒരു കുട്ടിയുടെ ശിരസ്സിൽ കൈവച്ച് അനുഗ്രഹിച്ച് അടുത്തുള്ള തടാകത്തിലൂടെ നടക്കാൻ പറഞ്ഞു. ആ കുട്ടി ജലോപരിതലത്തിലൂടെ നടന്നു. ഇതുകണ്ട് ജനങ്ങൾ അത്ഭുതസ്തബ്ധരായി. ഇതോടെ പട്ടാളം പിൻവാങ്ങി.

ശ്രീബ്രഹ്മാവിന്റെ ദേഷ്യം വ്യക്തികളുടെ പുറത്തല്ല മറിച്ച് ഒരു തലമുറയുടെ പുറത്തായിരുന്നു. എപ്പോഴൊക്കെ ധ്യാനലിംഗം രൂപപ്പെട്ടുവരുന്ന സാഹചര്യം ഉണ്ടായൊ പ്രതികൂലസാഹചര്യമുണ്ടാക്കുന്ന ക്ഷുദ്രശക്തികളുടെ പുറത്തായിരുന്നു ദേഷ്യം. കോയമ്പത്തൂരിലുണ്ടായ പ്രതിബന്ധങ്ങൾ അദ്ദേഹത്തെ ക്ഷുഭിതനാക്കി. അദ്ദേഹത്തിന്റെ കൂടെ വിഭൂതി എന്നുപേരുള്ള ഒരു ശിഷ്യൻ മാത്രം അനുഗമിച്ചു. എങ്ങോട്ടുപോകണം എന്നതിലുള്ള വ്യക്തമായ ലക്ഷ്യമില്ലാത്ത യാത്രയായിരുന്നു അത്. കഴിഞ്ഞ ജന്മത്തിൽ ഗുരുവായ പഴനി സ്വാമികൾ താമസിച്ച ആന്ധ്രയിലെ കടപ്പ എന്ന സ്ഥലത്തേക്കായിരുന്നു അദ്ദേഹത്തിന്റെ യാത്ര. അജ്ഞാതമായ ഒരു ശക്തിയാണ് ബ്രഹ്മാവിനെ അങ്ങോട്ടാകർഷിച്ചത്. തന്റെ തപഃശക്തികൊണ്ടുണ്ടാക്കിയ അഗ്നിവ്യൂഹത്തിന്റെ ചൂട് സഹിക്കാൻ വയ്യാതെ പൂജാരികൾപോലും അവിടെവരാൻ മടിച്ചു. ധ്യാനലിംഗം നിർമിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുകയും പ്രാണപ്രതിഷ്ഠയിൽ ആരൊക്കെയാണ് പങ്കെടുക്കേണ്ടതെന്ന് അദ്ദേഹം തീരുമാനിക്കുകയും ചെയ്തു.

ഈ ജന്മത്തിലങ്കിലും അടുത്ത ജന്മത്തിലായാലും ധ്യാനലിംഗം നിർമിക്കണമെന്ന കാര്യത്തിൽ അദ്ദേഹം ഉറച്ചുനിന്നു. ആ സമയത്താണ് മഹാരാഷ്ട്രയിലെ വജ്രേശ്വരി എന്ന സ്ഥലത്ത് ഒരു ബാലയോഗിയുടെ ജീവൻ ശരീരം ഉപേക്ഷിക്കാൻ തയ്യാറായി നിൽക്കുന്നത് തന്റെ ദിവ്യദൃഷ്ടിയിലൂടെ കണ്ടു. അപ്പോൾ ഒരു പുതിയപദ്ധതി അദ്ദേഹം രൂപീകരിച്ചു.

ജഗ്ഗി വാസുദേവ്